കുടുംബശ്രീ ജില്ലാമിഷൻ  കൊല്ലം

അരക്ഷിതാവസ്ഥാപഠനം

വെട്ടിക്കവല സിഡിഎസ്സ്

വെട്ടിക്കവല സിഡിഎസ്സിൽ അരക്ഷിതാവസ്ഥാ പഠനം നടത്തിയിതിൽ വളരെ വലിയ മാറ്റങ്ങളാണ് താഴെ തട്ടിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കുടുംബശ്രീയുടെ ഒരു വലിയ പദ്ധതിതന്നെയായിരുന്നു ഈ അരക്ഷിതാവസ്ഥാപഠനം. ധാരാളം ജനക്ഷേമ പദ്ധതികൾക്ക് തുടക്കം കുറിയ്ക്കാൻ ഈ മാപ്പിംഗ് സഹായിച്ചു.

നേട്ടങ്ങൾ

പശ്ചാത്തല മേഖലയിൽ വിവിധ വാർഡുകളിലായി അരക്ഷിതാവസ്ഥാപഠനത്തിന്റെ ഭാഗമായി കണ്ടെത്തിയ എട്ടു റോഡുകൾ നിർമ്മാണം തുടങ്ങി. വിവിധ തലകുളങ്ങൾ, തോടിന്റെ സൈഡ് കെട്ടൽ ഇവ തൊഴിലുറപ്പിലൂടെ കണ്ടെത്തി. എസ്സ്സി മേഖലയിലെ വികസന പ്രവർത്തനങ്ങളും ഉൾപ്പെടുത്തി സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് ലൈബ്രറി നിർമ്മാണം, സൗജന്യമായി ട്യൂഷൻ, പിഎസ്സ്സി കോച്ചിംഗ്, കലാകായിക പരിശീലനം ഇവ നടത്തി വരുന്നു.

ടി പ്രവർത്തനങ്ങളുടെ ഭാഗമായി നാല് മുതിർന്നവരുടെ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. നാല് എസ്സ് സി അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. ഒരു യുവജനക്ലബ് രൂപീകരിച്ചു.

നാല് കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സഹായത്തോടെ വിദ്യാഭ്യാസത്തിനുള്ള അവസരം ഒരുക്കികൊടുത്തു.

ജാഗ്രതാസമിതികൾ, ജന്റർ കോർണർ, വിജിലന്റ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി.